**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4337** **06-03-2023 - ൽ മറുപടിയ്ക്ക്**

**വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭനഷ്ടക്കണക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നഷ്ടത്തിലായിരുന്ന ഏതെല്ലാം പൊതുമേഖല സ്ഥാപനങ്ങളെ ലാഭത്തിലാക്കുവാൻ വ്യവസായ വകുപ്പിന് കഴിഞ്ഞിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാക്കുമോ; | (എ) | പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായുള്ള ശക്തമായ മോണിറ്ററിംഗ് സംവിധാനങ്ങളുടെയും ഇടപെടലുകളുടെയും ഫലമായി വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖല സ്ഥാപനങ്ങളിൽ 2016-17 കാലയളവിൽ നഷ്ടത്തിലായിരുന്ന ദി മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, ആലപ്പി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, ദി കേരള സിറാമിക്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, കെ.സി.സി.പി. ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളെ ലാഭത്തിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.<br><br>വ്യവസായ വകുപ്പിനു കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 2015-16-ലെ വിറ്റുവരവിനേക്കാൾ മുപ്പത് ശതമാനത്തിലധികം വളർച്ച നേടാൻ 2021-22 കാലയളവിൽ സാധിച്ചിട്ടുണ്ട്. ലഭ്യമായ കണക്കുകൾ പ്രകാരം 2021-22 കാലയളവിൽ വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ 386 കോടി രൂപ പ്രവർത്തന ലാഭം നേടുകയുണ്ടായി. മുൻ സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 339 കോടി രൂപയുടെ വർദ്ധനവ് മൊത്തം പ്രവർത്തന ലാഭത്തിൽ ഉണ്ടായിട്ടുണ്ട്.<br><br>2021-22 സാമ്പത്തിക വർഷത്തെ ആഡിറ്റിനു മുൻപുള്ള കണക്കുകൾ പ്രകാരം വ്യവസായ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന 24 സ്ഥാപനങ്ങൾ പ്രവർത്തന ലാഭം കൈവരിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് 2016-17 മുതൽ നാളിതുവരെ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കാൻ കഴിഞ്ഞുവെന്നും എത്ര ശതമാനം വളർച്ചനേടാൻ കഴിഞ്ഞുവെന്നും വിശദമാക്കുമോ? | (ബി) | പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായുള്ള ശക്തമായ മോണിറ്ററിംഗ് സംവിധാനങ്ങളുടെയും ഇടപെടലുകളുടെയും ഫലമായി വ്യവസായ വകുപ്പിന് |

| | | | |
|---|---|---|---|
| | | | കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖല സ്ഥാപനങ്ങളിൽ 2016-17 കാലയളവിൽ നഷ്ടത്തിലായിരുന്ന ദി മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, ആലപ്പി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, ദി കേരള സിറാമിക്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, കെ.സി.സി.പി. ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളെ ലാഭത്തിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.<br><br>വ്യവസായ വകുപ്പിനു കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 2015-16-ലെ വിറ്റുവരവിനേക്കാൾ മുപ്പത് ശതമാനത്തിലധികം വളർച്ച നേടാൻ 2021-22 കാലയളവിൽ സാധിച്ചിട്ടുണ്ട്. ലഭ്യമായ കണക്കുകൾ പ്രകാരം 2021-22 കാലയളവിൽ വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ 386 കോടി രൂപ പ്രവർത്തന ലാഭം നേടുകയുണ്ടായി. മുൻ സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 339 കോടി രൂപയുടെ വർദ്ധനവ് മൊത്തം പ്രവർത്തന ലാഭത്തിൽ ഉണ്ടായിട്ടുണ്ട്.<br><br>2021-22 സാമ്പത്തിക വർഷത്തെ ആഡിറ്റിനു മുൻപുള്ള കണക്കുകൾ പ്രകാരം വ്യവസായ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന 24 സ്ഥാപനങ്ങൾ പ്രവർത്തന ലാഭം കൈവരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ